(ഡി) കടൽമണൽ ഖനനത്തിനായി ഏതെല്ലാം ഏജൻസികളാണ് സമീപിച്ചിട്ടുണ്ടായിരുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഏജൻസികളൊന്നും സമീപിച്ചിട്ടില്ല.

ബേക്കലിൽ ഫിഷിംഗ് ഹാർബർ സ്ഥാപിക്കാൻ നടപടി

83 [2803] ശ്രീ. കെ. വി. കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ കടപ്പുറത്ത് ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫിഷിംഗ് ഹാർബർ അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഇല്ല.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

കൊയിലാണ്ടി ഫിഷിംഗ് ഹാർബർ

84 [2804] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിനു വേണ്ടി ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് വകയിരുത്തിയിരിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly